# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

**CLASS 9 (HALF YEARLY 2023)**

**1) 'യെശയ്യാവ്' എന്ന വാക്കിന്റെ അർത്ഥം?**

**A) <u>യഹോവ എന്റെ രക്ഷ</u>**

B) യഹോവയിൽ ആശ്രയം

C) ദൈവത്തിനു മഹത്വം

D) യഹോവ എന്റെ കോടി

**2) 'ദാസഗീതങ്ങൾ' എന്ന പദ്യഭാഗങ്ങൾ ഏതു പ്രവചനപുസ്തകത്തിന്റെ ഭാഗമാണ്?**

**A) <u>യെശയ്യാവ്</u>**

B) യിരെമ്യാവ്

C) ദാനിയേൽ

D) ഹോശേയ

**3) യരുശലേമിലെ തൂണുകൾ എന്നറിയപ്പെട്ടിരുന്ന പിതാക്കന്മാർ?**

**A) <u>യാക്കോബ്, പത്രോസ്, യോഹന്നാൻ</u>**

B) അന്ത്രയോസ്, പത്രോസ്, യോഹന്നാൻ

C) യോഹന്നാൻ, മർക്കോസ്, ലൂക്കോസ്

D) യാക്കോബ്, പത്രോസ്, മർക്കോസ്

**4) ഏതൊക്കെ പുസ്തകങ്ങളാണ് (ഏതു പുസ്തകം മുതൽ ഏതു പുസ്തകം വരെ) ചെറിയ പ്രവാചകന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?**

**A) <u>ഹോശേയ മുതൽ മലാഖി വരെ</u>**

B) യെഹെസ്കേൽ മുതൽ മലാഖി വരെ

C) 1 ശമുവേൽ മുതൽ യോവേൽ വരെ

D) ദാനിയേൽ മുതൽ ഹഗ്ഗായി വരെ

**5) തന്നിരിക്കുന്നവയിൽ നിന്ന് പ്രവാസകാലത്ത് യഹൂദന്മാരുടെ മതജീവിതത്തിൽ വന്ന മാറ്റങ്ങൾ തെരഞ്ഞെടുക്കുക.**

**(i) ദേവാലയ ആരാധനയും യാഗാർപ്പണവും നഷ്ടമായി**

**(ii) പ്രതിഷ്ഠ പെരുനാൾ ആരംഭിച്ചു**

**(iii) ന്യായപ്രമാണ വ്യാഖ്യാനത്തിനു പ്രാധാന്യം ഉണ്ടായി**

**(iv) ശബത്താചരണം കുറഞ്ഞു**

**A) <u>(i), (iii)</u>**

B) (ii), (iii)

C) (i), (ii)

D) (ii), (iv)

**6) ഗ്രീക്ക് ഭാഷയിൽ ഉണ്ടായ വേദപുസ്തകഭാഷാന്തരം?**

**A) <u>സെപ്റ്റുവജിന്റ്</u>**

B) പെശീത്ത

C) അൽദേം

D) ബ്രെന്റോൺ

**7) പ്രതിഷ്ഠാ പെരുന്നാളിന്റെ ആരംഭം എന്തായിരുന്നു?**
**A) യറുശലേം ദേവാലയം ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠ നടത്തിയത്**
B) യേശു കുഞ്ഞിനെ ദേവാലയത്തിൽ പ്രതിഷ്ഠ നടത്തിയത്
C) ശമുവേൽ ബാലനെ ദേവാലയത്തിൽ പ്രതിഷ്ഠ നടത്തിയത്
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**8) ഹഗ്ഗായി പ്രവചനത്തിലെ മുഖ്യ വിഷയം?**
**A) യെരുശലേം ദേവാലയത്തിന്റെ പണി പൂർത്തീകരണം**
B) ഇസ്രായേൽ ജനം യെഹൂദ്യയിൽ മടങ്ങി വരിക
C) പേർഷ്യൻ സാമ്രജ്യത്തെ തോൽപ്പിക്കുക
D) സാമൂഹ്യ സന്ദേശങ്ങൾ

**9) സങ്കീർത്തനം 30: 10 ന്റെ അടിസ്ഥാനത്തിൽ തന്നിരിക്കുന്ന വേദഭാഗം പൂർത്തിയാക്കുക:**
**യെഹോവേ, കേൾക്കേണമേ, എന്നോട് ....... .......... ..............**
**എന്റെ രക്ഷകനായിരിക്കേണമേ**
**A) കരുണയുണ്ടാകേണമേ**
B) മനസ്സലിയേണമേ
C) ദേഷ്യം തോന്നരുതേ
D) മൗനി ആയിരിക്കരുതേ

**10) സകല ശത്രുക്കളിൽനിന്നും വഞ്ചകരും ചതിയന്മാരുമായ സ്നേഹിതന്മാരിൽനിന്നും ................. ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ' എന്നുള്ള പ്രാർത്ഥന ഏതു സമയത്തെ ലുത്തിനിയായിൽ ഉൾപ്പെടുന്നതാണ്?**
**A) സന്ധ്യാപ്രാർത്ഥനയുടെ**
B) പ്രഭാത പ്രാർത്ഥനയുടെ
C) ഉച്ച നമസ്കാരം
D) എല്ലാ പ്രാർത്ഥനയിലും ഉൾപ്പെടുത്തിയിട്ടുണ്ട്

**11) 'അത്ഭുതമാം ഫലമേകും വൃക്ഷം' എന്ന ഗീതത്തിൽ വൃക്ഷത്തിലുണ്ടായ എന്ത് അത്ഭുതമാണ് പരാമർശിക്കുന്നത്?**
**A) ഇസഹാക്കിന് പകരം ബലിയർപ്പിക്കുവാനുള്ള കുഞ്ഞാടിനെ കണ്ടു**
B) അപൂർവമായ പഴം കണ്ടു
C) മരത്തിൽ അപൂർവമായ പക്ഷികളെ കണ്ടു
D) മരത്തിൽ അതിമനോഹരമായ പൂക്കൾ കണ്ടു

**12) വിശുദ്ധ റൂഹായുടെ കിന്നരം എന്നറിയപ്പെട്ടിരുന്ന സഭാപിതാവ്?**
**A) മാർ അപ്രേം**
B) യാക്കോബ് ബുർദാന
C) ഗായകനായ മാർ ബാലായി
D) മാർ ബർസൗമ

**13) സ്ലീബായുടെ പ്രഭാതനമസ്കാരത്തിൽ പ്രകൃതിയെക്കുറിച്ച് ചിന്തിപ്പിക്കുന്ന ഗീതം തെരഞ്ഞെടുക്കുക**
**A) ഋജുമതികൾക്കിരുളിൽ .....**
B) അത്ഭുതമാം ഫലമേകും വൃക്ഷം ...
C) രാജ്യത്തിൻ വാതിൽ ...

D) ദൈവമുയർത്തു മഹത്വ ...

**14) 'തീ നരകത്തിൽനിന്നും ചാകാത്ത പുഴുവിൽനിന്നും കെടാത്ത തീയിൽനിന്നും രക്ഷിച്ചുകൊള്ളണമേ' എന്ന പ്രാർത്ഥനയിൽ എന്താണ് ഉദ്ദേശിക്കുന്നത്?**
**A) അന്ത്യ ന്യായവിധിയെക്കുറിച്ചുള്ള ഓർമ്മ**
B) എല്ലാ യാമങ്ങളിലും പ്രാര്ഥിക്കണമെന്ന്
C) പ്രാർത്ഥനകൾ നമുക്കുവേണ്ടിയാണ് എന്ന്
D) അസഹനീയമായ സാഹചര്യങ്ങളിൽ നിന്നും രക്ഷിക്കേണമേ എന്ന്

**15) നിഖ്യാ, എഫെസൂസ് എന്നീ സുന്നഹദോസുകൾ നടന്ന വർഷങ്ങൾ?**
**A) A.D. 325, A.D. 431**
B) A.D. 325, A.D. 481
C) A.D. 425, A.D. 431
D) A.D. 325, A.D. 381

**16) താഴെ കൊടുത്തിരിക്കുന്നവയിൽ കുരിശുയുദ്ധങ്ങളുമായി ബന്ധപ്പെട്ട് ശരിയല്ലാത്തത് തെരഞ്ഞെടുക്കുക.**
**A) കുരിശുയുദ്ധങ്ങളിലൂടെ ജനങ്ങൾക്ക് തിരുശേഷിപ്പുകളിലുള്ള വിശ്വാസം നഷ്ടപ്പെട്ടു**
B) യറുശലേം നഗരം മുസ്ലീങ്ങളിൽനിന്നുംതിരിച്ചുപിടിക്കുവാനാണ് കുരിശുയുദ്ധം നടത്തിയത്
C) യുദ്ധങ്ങളിലൂടെ പാപമോചനവും സ്വർഗ്ഗരാജ്യവും എന്ന പഠിപ്പിക്കലുകൾ ജനത്തെ സ്വാധീനിച്ചു
D) കുരിശുയുദ്ധത്തിൽ ഏർപ്പെട്ടവർ കുരിശടയാളം ധരിച്ചിരുന്നു.

**17) യിസ്രയേലുമായുള്ള ഉടമ്പടി ബന്ധം തകർന്നതിൽ ദുഃഖിക്കുന്ന യഹോവയെക്കുറിച്ച് പരാമർശിക്കുന്ന പുസ്തകം?**
**A) യിരെമ്യാവ്**
B) 1 ശമുവേൽ
C) ദിനവൃത്താന്തം
D) തന്നിരിക്കുന്നവയിൽ ഒന്നും ശരിയല്ല

**18) കർത്താവിന്റെ മനുഷ്യാവതാര രഹസ്യം എന്ന ഗ്രന്ഥമെഴുതിയ ആദിമ സഭാപിതാവ്?**
A) കൈസറിയായിലെ വി. ബസേലിയോസ്
B) അലക്സാന്ത്രിയായിലെ വി. ദിവന്നാസ്യോസ്
**C) അലക്സാന്ത്രിയായിലെ മാർ അത്താനാസ്യോസ്**
D) റോമിലെ വി. യൂലിയോസ്

**19) വചനമായ ദൈവം ശരീരിയായിത്തീർന്നുവെന്ന് നമ്മുടെ കർത്താവായ യേശുമിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ച സഭാപിതാവ്?**
**A) അലക്സാന്ത്രിയായിലെ മാർ കൂറിലോസ്**
B) അന്ത്യോഖ്യയിലെ മാർ സേവേറിയോസ്
C) അലക്സാന്ത്രിയായിലെ മാർ ദിയസ്കോറോസ്
D) അലക്സാന്ത്രിയായിലെ മാർ തിമോത്തിയോസ്

**20) താഴെ കൊടുത്തിരിക്കുന്നവയിൽ അഞ്ചാം തുബ്ദേനിൽ നാം സ്മരിക്കുന്ന പിതാക്കന്മാരുടെ പ്രത്യേകത അല്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക.**

**<u>A) ഉദയംപേരൂർ സുന്നഹദോസിൽ വിശ്വാസത്തിനുവേണ്ടി നിലപാട് സ്വീകരിച്ചു</u>**

B) ശ്ലൈഹികവും കുറ്റമില്ലാത്തതുമായ ഏക വിശ്വാസത്തെ പാലിച്ചു

C) സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം കൈമാറിത്തന്നു

D) സന്ന്യാസപ്രസ്ഥാനങ്ങൾക്കു നേതൃത്വം കൊടുത്തു

**21) വിശ്വാസപ്രമാണത്തിന്റെ രണ്ടാം ഖണ്ഡികയുടെ പ്രധാന ഉള്ളടക്കം എന്താണ്?**

**<u>A) യേശുക്രിസ്തു</u>**

B) പിതാവാം ദൈവം

C) പരിശുദ്ധാത്മാവ്

D) പരിശുദ്ധ സഭ

**22) അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങളുമായി ബന്ധമില്ലാത്ത വാചകം തെരഞ്ഞെടുക്കുക.**

**<u>A) പഴയ സെമിനാരി സ്ഥാപിക്കുവാൻ നേതൃത്വം നൽകി</u>**

B) വിദേശ കോളനിവാഴ്ചയെ എതിർത്തു

C) ദേശീയതയ്ക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി പ്രയത്നിച്ചു

D) പാവങ്ങൾക്കുവേണ്ടി കാരുണ്യപ്രവർത്തനങ്ങൾ ചെയ്തു

**23) അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുടെ കബറിടം സ്ഥിതിചെയ്യുന്ന സ്ഥലവും അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാളും?**

**<u>A) റിബാന്തർ പഞ്ചിം സെന്റ് മേരീസ് പള്ളി, സെപ്റ്റംബർ 23</u>**

B) മംഗലാപുരം സെന്റ്മേരീസ് കത്തീഡ്രൽ, ഓഗസ്റ്റ് 15

C) ബോംബെ സെന്റ് ഗ്രിഗോറിയോസ് പള്ളി, ജൂൺ 28

D) ഗോവ സെന്റ് മേരീസ് പള്ളി, സെപ്റ്റംബർ 1

**24) കുട്ടികളുടെ കുരിശുയുദ്ധം ആരുടെ കാലത്താണ് നടന്നത്?**

**<u>A) ഇന്നസെന്റ് മൂന്നാമൻ മാർപാപ്പ</u>**

B) ലൂയി ഒൻപതാമൻ മാർപാപ്പ

C) പീയൂസ് പത്താമൻ മാർപാപ്പ

D) യുജിനസ് രണ്ടാമൻ മാർപാപ്പ

**25) താഴെ കൊടുത്തിരിക്കുന്നവയിൽ പ്രവാചകന്മാരുടെ ചുമതലകളിൽ ഉൾപ്പെടാത്തത് എന്ത്?**

**<u>A) രാജാക്കന്മാരെ വാഴിക്കുന്നു</u>**

B) ഭാവിയിൽ സംഭവിപ്പാനുള്ള കാര്യങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു

C) പീഢനം അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുന്നു

D) ദൈവത്തിന്റെ അരുളപ്പാട് ലോകത്തോട് അറിയിക്കുന്നു

**26) 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ദൈവം മുഖം തിരിച്ചുകളയും'എന്ന മുന്നറിയിപ്പ് നൽകിയ പ്രവാചകൻ?**

**<u>A) യെശയ്യാവ്</u>**

B) യിരമ്യാവ്

C) യെഹസ്കേൽ

D) ദാനിയേൽ

**27) പ്രവാചകന്മാരെക്കുറിച്ച് നാം പഠിക്കുന്നതിന്റെ ഉദ്ദേശ്യങ്ങളിൽ ഉൾപ്പെടുത്തേണ്ടാത്തത് ഏത്?**
**A) സമൂഹത്തെ നിയന്ത്രിക്കുവാനുള്ള അധികാരം ലഭിക്കുവാൻ**
B) പ്രവാചകന്മാരെപ്പോലെ ദൈവത്തിന് ഇഷ്ടമുള്ളവരായി ജീവിക്കുവാൻ
C) പ്രവാചകന്മാരെപ്പോലെ ദൈവികരായി ജീവിക്കുവാൻ
D) ദൈവത്തിന്റെ ഇഷ്ടം ലോകത്തെ അറിയിക്കുവാൻ

**28) യിസ്രായേലുമായുള്ള ഉടമ്പടി ബന്ധം തകർന്നതിൽ ദുഃഖിക്കുന്ന യഹോവയെക്കുറിച്ച് പ്രതിപാദിക്കുന്ന പ്രവാചകൻ?**
**A) യിരമ്യാവ്**
B) യെശയ്യാവ്
C) ദാനിയേൽ
D) ഏലിയാവ്

**29) നീതിപ്രഘോഷകനായി അറിയപ്പെടുന്ന പ്രവാചകൻ?**
**A) ആമോസ്**
B) മീഖാ
C) നഹൂം
D) ഹോശയാ

**30) നീതിയുക്തവും കാരുണ്യസ്പർശവുമുള്ള പരസ്പരാനുഭവം നിലനിർത്തേണ്ടതിന്റെ ആവശ്യകത ഉറപ്പിച്ച് പറയുന്ന പ്രവാചകൻ?**
**A) സെഖര്യാവ്**
B) ഹഗ്ഗായി
C) മലാഖി
D) ഒബദ്യാവ്

**31) ബാബേൽ പ്രവാസത്തിന്റെ ആഘാതങ്ങളിൽ ഉൾപ്പെടാത്തത് ഏത്?**
**A) യറുശലേം ദേവാലയം പുനരുദ്ധരിച്ച് പ്രതിഷ്ഠിക്കുവാൻ പ്രചോദനം ഉണ്ടായി.**
B) പൗരോഹിത്യത്തിന്റെയും ആരാധനയുടെയും പ്രാധാന്യം കുറഞ്ഞു.
C) യറുശലേം ദേവാലയത്തിലെ കേന്ദ്രീകൃത ആരാധനയ്ക്ക് മുടക്കം സംഭവിച്ചു.
D) മതപരമായ ആചാരങ്ങൾക്ക് പ്രസക്തി കൂടി.

**32) ഗ്രീക്ക് സംസ്കാരത്തിന്റെ സ്വാധീനത്തിൽ യിസ്രായേൽ ജനതയ്ക്കുണ്ടായ അപചയം ?**
A) ന്യായപ്രമാണത്തിന് കൂടുതൽ പ്രാധാന്യം കൈവന്നു.
B) ഭവനത്തിലെ ആരാധന വർദ്ധിച്ചു.
**C) ശബത്താചരണം, സിനഗോഗ് ആരാധന എന്നിവയുടെ പ്രാധാന്യം കുറഞ്ഞു.**
D) ന്യായപ്രമാണ വ്യാഖ്യാനങ്ങൾ കൂടുതലായി

**33) പ്രഭാതത്തിലെ ലുത്തിനിയയിൽ ഉപയോഗിക്കുന്നില്ലാത്ത വാചകം?**
A) ഇന്നത്തെ ജീവിതത്തെ തെറ്റുകളിൽനിന്ന് കാത്തുകൊള്ളേണമേ.
B) പിശാചിന്റെ വശീകരണങ്ങളിൽനിന്ന് കാത്തുകൊള്ളേണമേ.
**C) ക്രിസ്തീയ ചുമതലകൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുവാൻ**

**സഹായിക്കണമേ.**
D) സത്യത്തെ മുറുകെ പിടിക്കുവാൻ സഹായിക്കേണമേ.

**34) ലുത്തിനിയകൾ അവസാനിപ്പിക്കുമ്പോൾ ഉപയോഗിക്കുന്ന വാചകം?**
**A) പരിശുദ്ധ കന്യകമറിയാമിന്റെയും പരിശുദ്ധരുടെയും മധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു**
B) ത്രിത്വനാമത്തിൽ അവസാനിപ്പിക്കുന്നു
C) സകല മരിച്ചുപോയവരെയും ഓർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.
D) പാപങ്ങളെ ഓർക്കരുതേ എന്ന പ്രാർത്ഥന.

**35) ഗീതം പൂരിപ്പിക്കുക.**
**ഋജുമതികൾക്കിരുളിൽ ദ്യുതിയുളവായി**
**.............................. ചെയ്തെൻ കർത്താവേ.**
**A) ദ്യുതിയുദയം**
B) ആശിഷമെങ്ങളിൽ
C) ഞങ്ങൾക്കഭയം
D) ക്ഷമ എന്നിൽ

**36) തന്നിരിക്കുന്നവയിൽ കിഴക്കൻ സഭകളിൽ ഉൾപ്പെടാത്തത് ഏത്?**
**A) സീറോ മലബാർ സഭ**
B) മലങ്കര ഓർത്തഡോക്സ് സഭ
C) അർമീനിയൻ ഓർത്തഡോക്സ് സഭ
D) എത്യോപ്യൻ ഓർത്തഡോക്സ് സഭ

**37) വി. കുർബ്ബാനയിൽ അഞ്ചാം തുബ്ദേനുമായി ബന്ധമില്ലാത്ത വാചകം കണ്ടുപിടിക്കുക.**
**A) സകല വാങ്ങിപ്പോയവരെയും സ്മരിക്കുന്നു**
B) ആദ്യത്തെ മൂന്ന് പൊതുസുന്നഹദോസിൽ നമ്മുടെ പിതാക്കന്മാരെ സ്മരിക്കുന്നു.
C) കൽക്കദോൻ സുന്നഹദോസിൽ സത്യവിശ്വാസത്തിനുവേണ്ടി നിലപാട് സ്വീകരിച്ചവരെ സ്മരിക്കുന്നു.
D) മലങ്കര സഭയിലെ പരിശുദ്ധന്മാരെ സ്മരിക്കുന്നു.

**38) 'നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ .....' എന്ന് യേശു പറഞ്ഞപ്പോൾ തന്റെ കയ്യിൽ വഹിച്ചിരുന്ന കുഞ്ഞു ആരാണെന്നാണ് പറയപ്പെടുന്നത് ?**
**A) വിശുദ്ധ ഇഗ്നാത്തിയോസ് നൂറോനോ**
B) കൈസരിയായിലെ ബസേലിയോസ്
C) നിസ്സായിലെ വി. ഗ്രിഗോറിയോസ്
D) റോമിലെ വി. ക്ലിമ്മീസ്

**39) തന്നിരിക്കുന്ന പ്രാർത്ഥന (വിശ്വാസപ്രമാണം) പൂരിപ്പിക്കുക.**
**സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും .................. പുറപ്പെട്ട്, പിതാവിനോടും .......................... കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും...**
**A) പിതാവിൽനിന്ന്, പുത്രനോടും**
B) പരിശുദ്ധ റൂഹാ, പിതാവ്
C) പുത്രനിൽനിന്ന്, പുത്രനോടും
D) പിതാവിൽനിന്ന്, പരിശുദ്ധാത്മാവിനോടും

**40) വിശ്വാസപ്രമാണം വി. കുർബ്ബാനയിൽ ചൊല്ലുന്ന രീതി നടപ്പാക്കിയത്?**
**A) പത്രോസ് പാത്രിയർക്കീസ്**
B) പരുമല തിരുമേനി
C) വട്ടശ്ശേരിൽ തിരുമേനി
D) ഗ്രിഗോറിയോസ് ബാർ എബ്രായ

**41) താഴെ കൊടുത്തിരിക്കുന്നവയിൽ പ്രഭാതത്തിലെ ലുത്തിനിയയിൽ നിന്നുള്ളത് ഏതാണ്**
**A) കർത്താവെ ശക്തിയിൽ കവിഞ്ഞ പരീക്ഷകളെയുംഅസഹനീയങ്ങളായ രോഗങ്ങളെയും ഞങ്ങളുടെ പാപങ്ങൾ നിമിത്തം വന്നു കൂടുന്ന ശിക്ഷകളെയും ഞങ്ങളിൽ നിന്ന് നിരോധിക്കേണമേ**
B) തീ നരകത്തിൽ നിന്നും ചാകാത്ത പുഴുവിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ
C) യെഹോവേ എന്നെ സഹായിക്കാൻ ഉണർന്നു കടാക്ഷിക്കേണമേ
D) ദൈവമേ നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോട് കൃപയുണ്ടാകേണമേ

**42) പ്രാർത്ഥനയുടെ ആത്യന്തിക ലക്ഷ്യം ?**
**A) ദൈവസാദൃശ്യത്തിലേക്ക് എത്തിച്ചേരുക**
B) മറ്റുള്ളവർക്ക് നന്മ ചെയ്യുവാൻ
C) ജീവിതത്തിൽ വേണ്ടതായ അനുഗ്രഹങ്ങൾ ലഭിക്കുവാൻ
D) തെറ്റുകൾക്ക് ശിക്ഷ ലഭിക്കാതിരിക്കാൻ

**43) സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴിയിൽ യാത്ര ചെയ്യുന്നവർക്ക് വളരെ ജാഗ്രത ആവശ്യമാണെന്ന് പ്രതിപാദിക്കുന്ന ഗീതം**
**A) രാജ്യത്തിൻ വാതിൽ ...**
B) അത്ഭുതമാം ഫലമേകും വൃക്ഷം ...
C) ഭൂവിലശേഷം ...
D) സ്വർഗരാജ്യേ സിംഹാസനമേറി ...

**44) രാവിലെയുള്ള വിശുദ്ധ കുർബാനയ്ക്കു മുമ്പ് പ്രഭാതത്തിൽ ഏതൊക്കെ യാമങ്ങളിലെ നമസ്കാരങ്ങളാണ് നമ്മൾ പള്ളിയിൽ നടത്തുന്നത്**
**A) പ്രഭാതം, മൂന്നാം മണി , മദ്ധ്യാഹ്നം**
B) പ്രഭാതം, മൂന്നാം മണി, ഒൻപതാം മണി
C) പ്രഭാതം, ഒൻപതാം മണി, മദ്ധ്യാഹ്നം
D) സന്ധ്യ, പ്രഭാതം, മദ്ധ്യാഹ്നം

**45) ക്യംതാ, സ്ലീബാ എന്നീ നമസ്കാരങ്ങളുടെ പ്രധാന ധ്യാന വിഷയങ്ങൾ ?**
**A) കർത്താവിന്റെ ഉയിർപ്പ് , ദൈവ മാതാവുമായി ബന്ധപ്പെട്ട കാര്യങ്ങൾ**
B) കർത്താവിന്റെ കഷ്ടാനുഭവം, പരിശുദ്ധന്മാരുമായുള്ള സംസർഗം
C) കർത്താവിന്റെ കഷ്ടാനുഭവം,കർത്താവിന്റെ കുരിശ്
D) ഉത്തരങ്ങൾ ഒന്നും ശരിയല്ല

**46) ശ്ലൈഹികവും കുറ്റമില്ലാത്തതുമായ ഏക വിശ്വാസത്തെ പാലിച്ചു നമ്മെ ഭരമേല്പിച്ച ശുദ്ധിമാന്മാരെ സ്മരിക്കുന്ന തുബ്ദേൻ**
**A) തുബ്ദേൻ 5**
B) തുബ്ദേൻ 3
C) തുബ്ദേൻ 4
D) തുബ്ദേൻ 6

**47) താഴെകൊടുത്തിരിക്കുന്നവയിൽ വിശ്വാസപ്രമാണവുമായി ബന്ധപ്പെടുന്ന കാര്യങ്ങൾ തെരഞ്ഞെടുക്കുക**

**A) <u>എല്ലാ ഉത്തരങ്ങളും ശരിയാണ്</u>**

B) ദൈവം നമ്മുടെ ചിന്തയ്ക്കും ബുദ്ധിക്കും അതീതനും അദൃശ്യനും ആണെന്ന് സൂചിപ്പിക്കുന്നു

C) ദൈവസന്നിധിയിൽ നാം നിൽക്കുന്നു എന്ന് സമ്മതിച്ചു ഏറ്റുപറയുന്നു

D) എല്ലാ മനുഷ്യരും ദൈവമക്കളാണെന്നും നമ്മുടെ സഹോദരങ്ങൾ ആണെന്നും അംഗീകരിക്കുന്നു

**48) അലക്സാന്ത്രിയയിലെ അത്തനാസിയോസുമായി ബന്ധപ്പെടാത്ത പ്രസ്താവന ഏതാണ്**

**A) <u>വെളിപാട് പുസ്തകത്തിന്റെ വ്യാഖ്യാനം എഴുതി</u>**

B) അറിയോസിന്റെ വേദവിപരീതത്തിനെതിരായി പോരാടി

C) വിശുദ്ധ അന്തോണിയോസിന്റെ ശിഷ്യൻ

D) അഞ്ചു പ്രാവശ്യം നാടുകടത്തപ്പെട്ടു

**49) ഏത് സഭയിൽ നിന്നാണ് അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലിത്ത മലങ്കര ഓർത്തഡോക്സ് സഭാംഗം ആയത് ?**

**A) <u>റോമൻ കത്തോലിക്ക</u>**

B) പെന്തെക്കോസ്ത്

C) ഇവാഞ്ചലിക്കൽ

D) ബാപ്റ്റിസ്റ്റ്

**50) കൊങ്കിണി ഭാഷയിൽ ആരാധന നടത്തുന്ന മലങ്കര സഭയിലെ ഭദ്രാസനം**

**A) <u>ബ്രഹ്മവാർ</u>**

B) ബോംബെ

C) ചെന്നൈ

D) മംഗലാപുരം